എസ്. എം. ലാക്ക് എന്നിവ. ഈ സ്ഥലങ്ങളിൽ പകൽ സമയത്ത് വെള്ളം കിട്ടുന്നില്ല. തിരുവനന്തപുരത്ത് ആഗുമെന്റേഷൻ സ്കീം നടപ്പിലാക്കിക്കഴിഞ്ഞാലേ കുടിവെള്ള ക്ഷാമം പൂർണ്ണമായി പരിഹരിക്കപ്പെടുകയുള്ളൂവെന്ന് അറിയാമെങ്കിലും മറ്റ് പഞ്ചായത്ത് പ്രദേശങ്ങളിൽ ചെയ്യുന്നതുപോലെ നഗരപ്രദേശങ്ങളിൽ തീരെ കുടിവെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ വെള്ളം കൊണ്ടുപോയി കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കുകയോ, നിലവിലുള്ള സംവിധാനത്തിൽ ക്രമീകരണങ്ങൾ വരുത്തി ഈ പ്രദേശങ്ങളിൽ കുറെ സമയമെങ്കിലും വേനൽക്കാലത്ത് കുടിവെള്ളം കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ തലസ്ഥാന നഗരിയിൽ ഒരു ദിവസം 198 ദശലക്ഷം ലിറ്റർ വെള്ളം ആവശ്യമുണ്ട്. ആ സ്ഥാനത്ത് 121.5 ദശലക്ഷം ലിറ്റർ വെള്ളം മാത്രമേ ശുദ്ധീകരിക്കാനും വിതരണം ചെയ്യാനും കഴിയുന്നുള്ളൂ. ഇത് ആവശ്യമുള്ളതിന്റെ 60 ശതമാനം മാത്രമേ ഉള്ളൂ. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാണ് ആഗുമെന്റേഷൻ സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗതയിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. അവിടെയുമുള്ള ബുദ്ധിമുട്ട് ബ്യൂറോക്രസിയുടെ തടസങ്ങൾ എവിടെയെല്ലാമുണ്ടാക്കാമോ അതെല്ലാം ഓരോ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും കഴിയുന്നതും വേഗം അത് പരിഹരിച്ച് കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഉയർന്ന പ്രദേശങ്ങളിൽ വാൽവ് അഡ്ജസ്റ്റു ചെയ്തു വെള്ളം കൊടുക്കണമെന്നുള്ളതാണ് ശ്രീ. ഹസ്സൻ പറഞ്ഞ കാര്യം. അത് ഇവിടത്തെ സിസ്റ്റം അനുസരിച്ച് അതിന് അൽപ്പം പ്രായോഗിക വൈഷമ്യമുണ്ട്. ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് പ്രത്യേകം നോക്കുന്നുണ്ട്. കഴിയുന്ന രൂപത്തിലെല്ലാം ആളുകളെ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(29) തിരുവല്ല–ചങ്ങനാശ്ശേരി ശുദ്ധജലവിതരണ പദ്ധതി

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ ടൗണിലും കുടിവെള്ളക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽനിന്ന് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ഇതിനുള്ള ഒരൊറ്റ പോംവഴി, നിർമ്മാണം പൂർത്തിയായിരിക്കുന്ന കല്ലിശ്ശേരി പദ്ധതി കമ്മീഷൻ ചെയ്യുക മാത്രമാണ്. മാർച്ച് 31-നകം ഈ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ദിനപത്രങ്ങളിൽ എല്ലാം മാർച്ച് 31-നകം കമ്മീഷൻ ചെയ്യാൻ കഴിയുകയില്ലെന്നുള്ള റിപ്പോർട്ടുകൾ വന്നു. അതുകൊണ്ട് ആളുകൾക്ക് വളരെ ഉൽക്കണ്ഠ ഉണ്ടായിട്ടുണ്ട്. മാർച്ച് 31-നകം ഈ പദ്ധതി കമ്മീഷൻ ചെയ്യാനുള്ള എല്ലാ നടപടികളും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ചങ്ങനാശ്ശേരി–തിരുവല്ല മുനിസിപ്പാലിറ്റികൾക്കു വേണ്ടി 1485 ലക്ഷം രൂപ ചെലവായിട്ടുള്ള ഒരു പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. അതിന്റെ 99 ശതമാനം പണികളും തീർന്നു കഴിഞ്ഞു. ഇനി പെരുന്നയിലെ ട്രാൻസ്ഫോർമറിന്റെ പണികൾ കുറച്ചുകൂടി തീരാനുണ്ട്. അതുപോലെ മെയിൻ വാട്ടർ ട്രാൻസ്ഫോർമറിന്റെ പണികളും തീരേണ്ടതായിട്ടുണ്ട്. ഈ രണ്ടുകാര്യങ്ങളും വളരെ വേഗതയിൽ നടന്നുവരികയാണ്. മാർച്ച് 31 എന്നുള്ള തീയതിയിൽത്തന്നെ ഇപ്പോഴും ഡിപ്പാർട്ടുമെന്റ് ഉറച്ചുനിൽക്കുകയാണ്. ഈ മാർച്ച് 31-ന് മുൻപുതന്നെ അതിന്റെ പണികൾ പൂർത്തിയാക്കി വെള്ളം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(30) കല്ലൂപ്പാറ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വളരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ. നിലവിലുള്ള പദ്ധതികൾപോലും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് അവിടെ ഉള്ളത്. മല്ലപ്പള്ളി, ഇരവിപേരൂർ, കല്ലൂപ്പാറ തുടങ്ങിയ പദ്ധതികളുടെ സ്രോതസ്സുകളിൽ പമ്പിംഗിന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല എന്നത് ഗുരുതരമായ പ്രശ്നമായി മാറിയിരിക്കുന്നു. അവിടെ വെള്ളം എത്തിക്കുന്നതിന് ചെക്ക് ഡാം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രണ്ടു പഞ്ചായത്തുകൾക്കുള്ള ജലവിതരണ പദ്ധതികൾക്ക് ബഹുമാനപ്പെട്ട മന്ത്രികൂടി താൽപ്പര്യമെടുത്ത് ഒന്നര വർഷം മുൻപ് അനുമതി കൊടുക്കുകയുണ്ടായി. ആ പദ്ധതികളുടെ പണിയും ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ കാര്യത്തിൽ വലിയ അനാസ്ഥ കാണിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അടിയന്തിരമായി ഇത് ആരംഭിക്കാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ പ്രഖ്യാപിച്ചതാണ് എം. എൽ. എ. സ്കീം. ആ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടാങ്ങൽ പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി ഞാൻ നിർദ്ദേശിച്ചിരുന്നു. ഈ കാര്യത്തിലും നടപടികൾ സ്വീകരിച്ചിട്ടില്ല. എത്രയുംവേഗം ഈ പദ്ധതി ടെണ്ടർ ചെയ്ത് നിർമ്മാണജോലികളാരംഭിക്കാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ 1984-ൽ ആരംഭിച്ച് ഉപേക്ഷിക്കപ്പെട്ടുപോയ എഴുമറ്റൂർ പഞ്ചായത്തിനുള്ള പദ്ധതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻതന്നെ നിർമ്മാണ ജോലികളാരംഭിക്കാം എന്ന് ബന്ധപ്പെട്ട അധികൃതർ ഉറപ്പു നൽകിയിരുന്നതാണ്. എന്നാൽ അതിൽ ആവശ്യമായ നടപടികളുണ്ടായിട്ടില്ല. അതുപോലെതന്നെ കല്ലൂപ്പാറ പഞ്ചായത്തിന്റെ ഫുൾ കവറേജിന് ഒരു പുതിയ പദ്ധതി തയ്യാറാക്കുകയുണ്ടായി. ഇക്കാര്യത്തിലും കാര്യമായ നടപടി മുന്നോട്ടു പോയിട്ടില്ല. കുടിവെള്ള ക്ഷാമത്തിന് വളരെ കൂടുതൽ രൂക്ഷത അനുഭവപ്പെടുന്ന ഒരു പ്രദേശം എന്ന നിലയിൽ ഈ ശുദ്ധജല വിതരണ പദ്ധതികളാരംഭിച്ചാൽ മാത്രമേ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly